# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് പതിനേഴ്

## ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യം

Sat ക്രിസ്തു സ്വർഗാരോഹണം ചെയ്തുവെന്നും അവൻ ഇന്ന് സ്വർഗത്തിലാണെന്നും എല്ലാ ക്രിസ്ത്യാനികൾക്കും അറിയാം. എന്നാൽ, ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യവുമായി അവർ പരിചിതരല്ല. ഈ ദൃശ്യം തികച്ചും പ്രത്യേകതയുള്ളതും അതു നാം വളരെ വ്യക്തമായി കാണേണ്ടത് ആവശ്യവും ആണ്.

വെളിപ്പാട് 4:1 പറയുന്നു, "ഇക്കാര്യങ്ങൾക്കു ശേഷം, ഇതാ സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതും, ഞാൻ കേട്ട ആദ്യത്തെ ശബ്ദം ഒരു കാഹളം സംസാരിക്കുന്നതുപോലെ എന്നോട്, ഇവിടെ കയറിവരുക, ഇവയ്ക്കുശേഷം സംഭവിപ്പാനുള്ള കാര്യങ്ങൾ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറയുന്നതും ഞാൻ കണ്ടു." ദൈവത്തിന്റെ പദ്ധതി സ്വർഗത്തിൽ മറഞ്ഞിരിക്കുന്നു. തന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനെ ദൈവം ഭൂമിയിൽ കണ്ടെത്തുമ്പോൾ അവന് സ്വർഗം തുറക്കപ്പെടുന്നു. ഇത് യാക്കോബിനും (ഉല്പ. 28:12-17), യെഹെസ്കേലിനും (യെഹെ. 1:1), യേശുവിനും (മത്താ. 3:16), സ്തെഫാനൊസിനും (പ്രവൃ. 7:56), പത്രൊസിനും (പ്രവൃ. 10:11) തുറക്കപ്പെട്ടു. ഇവിടെയും, 19:11-ലും ഈ പുസ്തകത്തിന്റെ എഴുത്തുകാരനായ യോഹന്നാനും അതു തുറക്കപ്പെട്ടു; നിത്യതയിൽ കർത്താവിലുള്ള സകല വിശ്വാസികൾക്കും അതു തുറക്കപ്പെടും (യോഹ. 1:51).

## I. സ്വർഗത്തിൽ ഒരു സിംഹാസനം

വാക്യം 2 പറയുന്നു, "ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു." സ്വർഗത്തിൽ, ഒന്നാമത് അവിടെ ഒരു സിംഹാസനമുണ്ട്; വെളിപ്പാട് പുസ്തകം അതിന്മേലാണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. നാലാം അധ്യായത്തോടുകൂടെ ആരംഭിച്ച്, ഈ പുസ്തകം ദൈവത്തിന്റെ

സാർവത്രിക ഭരണനിർവഹണത്തെ മറനീക്കി കാണിക്കുന്നു. വെളിപ്പാടിലുള്ള ദൈവസിംഹാസനം ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ കേന്ദ്രമാണ്. ലേഖനങ്ങളിലെ സിംഹാസനം നാം കരുണ പ്രാപിക്കുകയും കൃപ കണ്ടെത്തുകയും ചെയ്യുന്ന കൃപാസനമായിരിക്കുമ്പോൾ (എബ്രാ. 4:16), ഇവിടെയുള്ള സിംഹാസനം ലോകം ന്യായവിധി സ്വീകരിക്കുന്ന ന്യായാസനമാണ്. ഇതാണ് സ്വർഗത്തിലുള്ള ദൈവത്തിന്റെ സിംഹാസനം. മുഴുവൻ പ്രപഞ്ചവും, പ്രത്യേകിച്ചും ഭൂമി, ഈ സിംഹാസനത്തിൻകീഴിലാണ്. സാത്താൻ ആകാശത്തിൽ ചെയ്യുന്നതും മനുഷ്യൻ ഭൂമിയിൽ ചെയ്യുന്നതുമായ എന്തും സ്വർഗത്തിലുള്ള ദൈവത്തിന്റെ സിംഹാസനത്തിൻ കീഴിലാണ്. ഇന്ന്, മനുഷ്യൻ തനിക്ക് ഇഷ്ടമുള്ളതെന്തും ചെയ്യേക്കാം, എങ്കിലും സകല മനുഷ്യർക്കും സകല കാര്യങ്ങൾക്കുംമേൽ ഇപ്പോഴുമുള്ള അധികാരം സ്വർഗത്തിലെ ദൈവസിംഹാസനമാണ്. ദൈവസിംഹാസനത്തിന്റെ ഭരണത്തിനു വെളിയിൽ ആർക്കും ഒന്നും ചെയ്യുവാനും യാതൊന്നും സംഭവിക്കുവാനും കഴിയുകയില്ല. പ്രത്യക്ഷത്തിൽ ഈ സിംഹാസനം അദൃശ്യവും മനുഷ്യനാൽ സാക്ഷാൽക്കരിക്കപ്പെടാത്തതും ആണെങ്കിലും, വാസ്തവത്തിൽ ഇത് ദൃശ്യത്തിനു പുറകിൽ സകലരുടെയും സകല കാര്യങ്ങളുടെയുംമേൽ വാഴുന്നു. ദൈവത്തിന്റെ സമയത്തിലും ദൈവോദ്ദേശ്യം നിറവേറുന്നതിനുവേണ്ടിയും, മാനവകുലത്തോടും ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെമേലും ഈ സിംഹാസനത്തിൽനിന്നും എപ്പോഴും ഉചിതമായ ന്യായവിധി വരുന്നു. വെളിപ്പാട് പുസ്തകത്തിൽ, പരിണതഫലം വരുന്നത് ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിന്റെ പൂർണ്ണതയിൽനിന്നാണ്. ഈ ന്യായവിധി സിംഹാസനത്തിൽനിന്നു പുറപ്പെടുകയും, സാത്താന്റെ മത്സരത്താലും മനുഷ്യന്റെ വീഴ്ചയാലും സ്വർഗത്തിലും ഭൂമിയിലും ഉണ്ടായ കലക്കത്തെ നീക്കിക്കളയുകയും ചെയ്യുന്നു.

## A. മരതകത്തിന്റെ കാഴ്ചയിൽ സിംഹാസനത്തിനു ചുറ്റും ഒരു മഴവില്ല്

വാക്യം 3-ൽ അവിടെ "സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്ക് മരതകത്തോട് സദൃശമായ ഒരു മഴവില്ല് ഉണ്ടായിരുന്നു" എന്ന് നാം കാണുന്നു. ജലപ്രളയത്താൽ ഇനി ഒരിക്കലും മനുഷ്യനെയും ജീവജാലങ്ങളെയും അവൻ നശിപ്പിക്കുകയില്ല എന്നതിനുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ ഒരു അടയാളമാണ് മഴവില്ല് (ഉല്പ. 9:8-17). ഈ പുസ്തകത്തിൽ, ദൈവം ഭൂമിയെ അതിലെ സകല നിവാസികളോടുംകൂടെ ന്യായംവിധിക്കും. അവന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ല് ദൈവം ഉടമ്പടിയുടെ ദൈവം, അഥവാ വിശ്വസ്തനായ ദൈവം

ആണെന്നു സൂചിപ്പിക്കുന്നു, അവൻ ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കുമ്പോൾ വീണ്ടും ഒരു പ്രളയത്താൽ മനുഷ്യരെ ന്യായംവിധിക്കുകയോ സകല മാനവജാതിയെയും നശിപ്പിക്കുകയോ ചെയ്യാതെ അവന്റെ മഹത്വത്തിനുവേണ്ടി ഭൂമിയിൽ ജാതികളായിരിക്കുവാൻ ചിലരെ കാത്തുസൂക്ഷിക്കും (21:24, 26). മാനവജാതിയോടുള്ള അവന്റെ ഭരണനിർവഹണത്തിൽ ദൈവം വിശ്വസ്തനാണെന്ന് ഈ മഴവില്ല് ചൂണ്ടിക്കാണിക്കുന്നു. ഈ അധ്യായത്തിൽ, ദൈവം മാനവകുലത്തെ ന്യായംവിധിക്കുവാൻ പോകുന്നുവെങ്കിലും, അവന്റെ ന്യായവിധി പ്രയോഗിക്കുന്നതിൽ, അവൻ നോഹയോടുള്ള അവന്റെ ഉടമ്പടിയെ ഓർക്കും. അവൻ ന്യായംവിധിക്കുന്ന ദൈവവും, അവൻ ഉടമ്പടി കാത്തുകൊള്ളുന്ന ദൈവവും ആണ്.

ഈ മഴവില്ല് "കാഴ്ചയ്ക്ക് മരതകത്തോട് സദൃശം" ആണ്. മരതകം പച്ചപ്പുല്ലിന്റെ നിറമുള്ള വിലയേറിയ ഒരു കല്ലാണ്; അത് ഭൂമിയിലുള്ള ജീവികളെ സൂചിപ്പിക്കുന്നു. ദൈവം ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കുമ്പോൾ ഉല്പത്തി 9:11-ൽ സൂചിപ്പിക്കുന്നതുപോലെ അവൻ അപ്പോഴും തന്റെ ഉടമ്പടി ഓർക്കുകയും ഭൂമിയിലെ ചില ജീവജാലങ്ങളെ ശേഷിപ്പിക്കുകയും ചെയ്യുമെന്ന് ഇതു സൂചിപ്പിക്കുന്നു. വിലയേറിയ കല്ലായ മരതകം ഉറപ്പുള്ളതാണ്. അവന്റെ ഉടമ്പടി കാത്തുകൊള്ളുമെന്ന ദൈവത്തിന്റെ ഓർമ്മപ്പെടുത്തൽ ഉറപ്പുള്ളതാണ്. സിംഹാസനത്തിനു ചുറ്റും ഈ ഉറപ്പുള്ള ഓർമ്മപ്പെടുത്തൽ ഉണ്ട്.

## B. സിംഹാസനത്തിൽനിന്ന് മിന്നലും, നാദവും, ഇടിമുഴക്കവും പുറപ്പെടുന്നു

"സിംഹാസനത്തിൽനിന്നു മിന്നലും, നാദവും, ഇടിമുഴക്കവും പുറപ്പെടുന്നു" എന്ന് വാക്യം 5 നമ്മോടു പറയുന്നു. ഇവയെല്ലാം ദൈവത്തിന്റെ ന്യായവിധിയിലുള്ള അവന്റെ കോപത്തെ സൂചിപ്പിക്കുന്നു. ലേഖനങ്ങളിൽ, ക്രിസ്തുവിന്റെ വീണ്ടെടുക്കുന്ന രക്തത്തിലൂടെ തന്നോട് അടുക്കുന്ന ഏവനുംവേണ്ടി ദൈവത്തിന്റെ കരുണയും കൃപയും കൃപാസനത്തിൽനിന്നു വരുന്നു. എന്നാൽ ഇവിടെ, ന്യായാസനത്തിൽനിന്നു പാപകരമായ ലോകത്തോടുള്ള മുന്നറിയിപ്പായി മിന്നലും, നാദവും, ഇടിമുഴക്കവും പുറപ്പെടുന്നു. വെളിപ്പാട് പുസ്തകത്തിൽ, ദൈവത്തിന്റെ സകല ന്യായവിധിയും നടപ്പാക്കിയശേഷം ദൈവത്തിന്റെ സിംഹാസനം നിത്യമായ ജീവസഹായത്തിന്റെ സിംഹാസനമായിരിക്കുകയും, അതിൽനിന്ന് ജീവവൃക്ഷം വളരുന്ന ജീവജലനദി പുറപ്പെടുകയും ചെയ്യും. ദൈവത്തിന്റെ കൃപാസനത്തെ സമീപിക്കുന്നതിലൂടെ ഇന്ന് ദൈവത്തിന്റെ കരുണയിലും കൃപയിലും പങ്കെടുക്കുന്നവരായ എല്ലാ വിശ്വാസികളും നിത്യതയോളം അവരുടെ

ജീവസഹായമായി ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവജലനദിയും ജീവവൃക്ഷവും ആസ്വദിക്കുമ്പോൾ, അവിശ്വാസികൾ ദൈവത്തിന്റെ ന്യായാസനത്താൽ ന്യായംവിധിക്കപ്പെടുകയും, അവർക്ക് ദൈവത്തിന്റെ നിത്യസിംഹാസനത്തിൽ നിന്നു വരുന്ന നിത്യാസ്വാദനത്തിൽ ഓഹരി ഇല്ലാതിരിക്കുകയും ചെയ്യും.

## C. സിംഹാസനത്തിനുമുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ

"സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു" എന്നും വാക്യം 5 നമ്മോടു പറയുന്നു. ജ്വലിക്കുകയും, പ്രകാശിക്കുകയും, നിരീക്ഷിക്കുകയും, തിരയുകയും, ന്യായംവിധിക്കുകയും ചെയ്യുന്ന ഏഴ് ആത്മാക്കളായ ഏഴു ദീപങ്ങളാൽ ദൈവം ഭൂമിയെ സ്പർശിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. ഇവിടത്തെ ഏഴു ദീപങ്ങൾ പുറപ്പാട് 25:37-ലെ നിലവിളക്കിന്റെ ഏഴു ദീപങ്ങളെയും സെഖര്യാവ് 4:2-ലെ നിലവിളക്കിന്റെ ഏഴു ദീപങ്ങളെയും പരാമർശിക്കുന്നു. ഏഴ് ആത്മാക്കളായ ഏഴു ദീപങ്ങൾ ദൈവത്തിന്റെ ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിന്റെ പ്രകാശിപ്പിക്കലിനെയും തിരയലിനെയും സൂചിപ്പിക്കുന്നു. പുറപ്പാട് 25-ലും സെഖര്യാവ് 4-ലും കാണുന്ന ദൈവത്തിന്റെ നീക്കത്തിലുള്ള ആത്മാവിന്റെ പ്രകാശിപ്പിക്കലിനെ സൂചിപ്പിക്കുന്ന ഏഴു വിളക്കുകൾ കൂടാരത്തിനു വേണ്ടിയോ ആലയമെന്ന കെട്ടിടത്തിനു വേണ്ടിയോ ഉള്ള ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ഇവിടെ ഏഴു വിളക്കുകൾ ദൈവത്തിന്റെ ന്യായവിധിക്കു വേണ്ടിയാണ്; അതും ദൈവത്തിന്റെ കെട്ടിടത്തിൽ—പുതിയ യെരൂശലേം എന്ന കെട്ടിടത്തിൽ—പരിണമിക്കും. ദൈവം തന്റെ ന്യായവിധി നടപ്പാക്കുമ്പോൾ, അവന്റെ ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവ് തിരയുകയും, പ്രകാശിപ്പിക്കുകയും, ന്യായംവിധിക്കുകയും, നിവേശിപ്പിക്കുകയും ചെയ്യുന്നതിലൂടെ ദൈവത്തിന്റെ നിത്യമായ കെട്ടുപണി നടപ്പിലാക്കും. ഇത് തുടർന്നുള്ള അധ്യായങ്ങളിൽ പൂർണ്ണമായി വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലം പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരത്തിന്റെ പരിണതിയാണ്.

LD

## D. സിംഹാസനത്തിനു മുമ്പിൽ ഒരു കണ്ണാടിക്കടൽ

വാക്യം 6 പറയുന്നു, "സിംഹാസനത്തിനു മുമ്പിൽ പളുങ്കുപോലെയുള്ള കണ്ണാടിക്കടൽ പോലെ ഒന്നുണ്ടായിരുന്നു." കണ്ണാടിക്കടൽ ദൈവത്താൽ ന്യായംവിധിക്കപ്പെട്ട സകലത്തെയും ശേഖരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒന്നാണ്. ഈ കടൽ

വെള്ളംകൊണ്ടുള്ളതല്ല, തീകൊണ്ടുള്ളതാണ് (15:2). ജലപ്രളയത്തിനുശേഷം, വെള്ളംകൊണ്ട് ഭൂമിയെയും അതിലെ ജീവജന്തുക്കളെയും ഇനിയൊരിക്കലും ന്യായംവിധിക്കുകയില്ല എന്ന അവന്റെ വാഗ്ദത്തമനുസരിച്ച് (ഉല്പ. 9:15), ദൈവം എപ്പോഴും മനുഷ്യന്റെമേൽ അവന്റെ ന്യായവിധി തീകൊണ്ട് നടപ്പാക്കുന്നു (ഉല്പ. 19:24; ലേവ്യ. 10:2; സംഖ്യ. 11:1; 16:35; ദാനീ. 7:11; വെളി. 14:11; 18:8; 19:20; 20:9-10; 21:8). ദൈവത്തിന്റെ ന്യായാസനം അഗ്നിനദിയെ പുറപ്പെടുവിക്കുന്ന അഗ്നിജ്വാല പോലെയാണ് (ദാനീ. 7:9-10). ദൈവത്തിന്റെ ന്യായംവിധിക്കുന്ന തീയുടെ ജ്വാല സർവ പ്രപഞ്ചത്തിലെയും എല്ലാ പ്രതിലോമകാര്യങ്ങളെയും ഈ കണ്ണാടിക്കടലിലേക്ക് തൂത്തുവാരിയിടുകയും, അത് ഒടുവിൽ തീപ്പൊയ്കയായിത്തീരുകയും ചെയ്യുന്നു (20:14). ദൈവത്തിന്റെ ജ്വലിക്കുന്ന എല്ലാ ന്യായവിധിയുടെയും ആകത്തുകയായ കണ്ണാടിക്കടൽ "പളുങ്കുപോലെ" ആണ്; ദൈവത്തിന്റെ ന്യായവിധിയിൻകീഴിലുള്ള ഓരോ പ്രതിലോമകാര്യവും പളുങ്കുപോലെ വ്യക്തമാണെന്ന് അതു സൂചിപ്പിക്കുന്നു. കണ്ണാടിക്കടലിൽ ന്യായംവിധിക്കപ്പെട്ടതും സൂക്ഷിക്കപ്പെട്ടിരിക്കുന്നതുമായ കാര്യങ്ങൾ പൂർണ്ണമായി തുറന്നുകാട്ടപ്പെട്ടിരിക്കുന്നു; ഒന്നും മറഞ്ഞിരിക്കുന്നില്ല. ഈ അധ്യായത്തിൽ ഉല്പത്തി 9:8-17-ലെ തന്റെ വാഗ്ദത്തം ദൈവം കാക്കുമെന്നു സൂചിപ്പിച്ചുകൊണ്ട്, നമുക്ക് ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ലും, ദൈവം തീകൊണ്ട് സകല പ്രതിലോമകാര്യങ്ങളെയും ന്യായംവിധിക്കും എന്നു ചൂണ്ടിക്കാണിക്കുന്ന തീകൊണ്ടുള്ള കണ്ണാടിക്കടലും ഉണ്ട്.

## II. ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു

### A. കാഴ്ചയിൽ സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ

സ്വർഗത്തിൽ വച്ചിരിക്കുന്ന സിംഹാസനം യോഹന്നാൻ കണ്ടപ്പോൾ, അവൻ "സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു; ഇരിക്കുന്നവൻ കാഴ്ചയ്ക്ക് സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്ക് മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു." സിംഹാസനത്തിലിരിക്കുന്ന ദൈവം കാഴ്ചയിൽ സൂര്യകാന്തം പോലെയായിരുന്നു. 21:11 അനുസരിച്ച്, സൂര്യകാന്തം "ഏറ്റവും വിലയേറിയ, സ്ഫടികസ്വച്ഛമായ" ഒരു കല്ലാണ്. ഇതിന്റെ നിറം, ജീവനെ അതിന്റെ സമൃദ്ധിയിൽ സൂചിപ്പിക്കുന്ന കടുംപച്ചയായിരിക്കണം. 21:11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, ഇവിടെ സൂര്യകാന്തം ദൈവത്തിന്റെ സമ്പന്ന ജീവനിലുള്ള സംവേദനക്ഷമമായ തേജസ്സിനെ സൂചിപ്പിക്കുന്നു (യോഹ. 17:22, 2). ഇതാണ് ദൈവത്തിന്റെ പ്രത്യക്ഷത; ഇത് പുതിയ യെരൂശലേം

എന്ന വിശുദ്ധ നഗരത്തിന്റെ പ്രത്യക്ഷതയും ആയിരിക്കും (21:11). നഗരത്തിന്റെ മതിലും ഒന്നാമത്തെ അടിസ്ഥാനവും ഇതുകൊണ്ട് പണിതിരിക്കുന്നു (21:18-19). വേദപുസ്തകത്തിൽ പച്ചനിറം ജീവനെ സൂചിപ്പിക്കുന്നു. അങ്ങനെ, സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം സാക്ഷാൽ ജീവന്റെ ദൈവമാണെന്ന് സൂര്യകാന്തത്തിന്റെ നിറം സൂചിപ്പിക്കുന്നു. ദൈവത്തിന്റെ നിറം അവൻ ജീവന്റെ സ്രോതസ്സാണെന്നു സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒന്നാമത് പച്ചയാണ്.

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം കാഴ്ചയിൽ പത്മരാഗംപോലെയും ആണ്. പത്മരാഗം ചുവപ്പു നിറമുള്ള ഏറ്റവും വിലപിടിപ്പുള്ള ഒരു കല്ലാണ്; അത് വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നു. ഇന്ന്, ദൈവം ജീവന്റെ ദൈവം മാത്രമല്ല, വീണ്ടെടുപ്പിന്റെ ദൈവവും ആണ്. സൂര്യകാന്തം ദൈവത്തെ അവന്റെ സമ്പന്നമായ ജീവനിലുള്ള തേജസ്സിന്റെ ദൈവമായി സൂചിപ്പിക്കുമ്പോൾ, പത്മരാഗം ദൈവത്തെ വീണ്ടെടുപ്പിന്റെ ദൈവമായി സൂചിപ്പിക്കുന്നു. അവനാൽ സൃഷ്ടിക്കപ്പെട്ടവരായ നാം വീണുപോയതുകൊണ്ട്, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കുവാൻ അവൻ കടന്നുവന്നു. അതുകൊണ്ട്, അവന് രണ്ടു നിറങ്ങളുണ്ട്—ജീവന്റെ നിറവും വീണ്ടെടുപ്പിന്റെ നിറവും. അവൻ ജീവൻനൽകുന്ന ദൈവവും വീണ്ടെടുക്കുന്ന ദൈവവും ആണ്. പഴയനിയമത്തിൽ മഹാപുരോഹിതന്റെ മാർപതക്കത്തിലെ ഒന്നാമത്തെ കല്ല് പത്മരാഗവും അവസാനത്തേത് സൂര്യകാന്തവും ആയിരുന്നു (പുറ. 28:17, 20). ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന് ദൈവത്തിന്റെ വീണ്ടെടുപ്പിൽ അവരുടെ തുടക്കവും, ദൈവത്തിന്റെ ജീവതേജസ്സിൽ അവരുടെ പരിണതിയും ഉണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു.

### B. അവന്റെ വലതുകയ്യിൽ ഒരു ചുരുൾ ഉണ്ട്

5:1 അനുസരിച്ച്, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു ചുരുൾ ഉണ്ടായിരുന്നു. ജീവൻ നല്കുന്നവനും വീണ്ടെടുക്കുന്നവനുമായ ഈ ദൈവത്തിന് ഒരു മർമ്മമുണ്ട്, അത് അവൻ കയ്യിൽ പിടിച്ചിരിക്കുന്നു. ഈ മർമ്മം പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവകല്പിതത്തെ സംബന്ധിച്ചുള്ളതാണ്, അത് ഏഴു മുദ്രകളാൽ മുദ്രയിട്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെ മർമ്മം, രഹസ്യം, ജീവന്റെയും വീണ്ടെടുപ്പിന്റെയും ദൈവം പിടിച്ചിരിക്കുന്നു.

## III. സിംഹാസനത്തിനു ചുറ്റിലും ഇരുപത്തിനാലു മൂപ്പന്മാർ ഇരുപത്തിനാലു സിംഹാസനങ്ങളിൽ ഇരിക്കുന്നു

4:4 പറയുന്നു, "സിംഹാസനത്തിനു ചുറ്റും ഇരുപത്തിനാലു

സിംഹാസനങ്ങൾ ഉണ്ടായിരുന്നു, സിംഹാസനങ്ങളിന്മേൽ വെള്ളവസ്ത്രം ധരിച്ച്, ഇരുപത്തിനാലു മൂപ്പന്മാർ ഇരിക്കുന്നു, അവരുടെ തലയിൽ പൊൻകിരീടങ്ങൾ ഉണ്ടായിരുന്നു." ഇവിടെ കർത്താവിന്റെ രണ്ടാം വരവിനുമുമ്പ് മൂപ്പന്മാർ സിംഹാസനങ്ങളിൽ ഇരിക്കുന്നതുകൊണ്ട്, ഈ വാക്യത്തിലെ മൂപ്പന്മാർ സഭയുടെ മൂപ്പന്മാരല്ല, പിന്നെയോ ദൂതന്മാരുടെ മൂപ്പന്മാരാണ് (പ്ര.നി. 19:28; വെളി. 20:4). ദൈവത്തിന്റെ സൃഷ്ടിയിൽ ദൂതന്മാരാണ് ഏറ്റവും പ്രാചീനമായവർ. വേദപുസ്തകത്തിൽ വ്യത്യസ്ത തരത്തിലുള്ള മൂപ്പന്മാരുണ്ട്: യിസ്രായേല്യരുടെ മൂപ്പന്മാരും, സഭകളുടെ മൂപ്പന്മാരും, ഇവിടെ ഉള്ളതുപോലെ ദൂതന്മാരുടെ മൂപ്പന്മാരും. ദൂതന്മാരുടെ മൂപ്പന്മാർ ദൈവത്തിന്റെ മുഴുവൻ സൃഷ്ടിയുടെയും മൂപ്പന്മാരാണ്. തലയിൽ പൊൻകിരീടം ചൂടിയവരായി അവർ സിംഹാസനങ്ങളിൽ ഇരിക്കുന്നു എന്നത്, ജയിക്കുന്ന വിശുദ്ധന്മാർക്ക് ഭൂമിയെ ഭരിക്കുവാൻ അധികാരം നല്കുന്ന സഹസ്രാബ്ദരാജ്യംവരെ അവരായിരിക്കണം പ്രപഞ്ചത്തിന്റെ ഭരണാധികാരികൾ എന്നു സൂചിപ്പിക്കുന്നു (എബ്രാ. 2:5-9; വെളി. 2:26-27; 20:4). വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്ക് ആവശ്യമുള്ളതുപോലെ, കുഞ്ഞാടിന്റെ രക്തത്താലുള്ള കഴുകൽ ആവശ്യമില്ലാത്ത പാപരഹിതരാണ് ഈ ദൂതന്മാരായ മൂപ്പന്മാരെന്ന് അവർ ധരിച്ചിരിക്കുന്ന വെള്ളവസ്ത്രം വെളിപ്പെടുത്തുന്നു (7:14).

ഈ ഇരുപത്തിനാലു മൂപ്പന്മാരും വെള്ളവസ്ത്രം ധരിച്ചവരും തലയിൽ പൊൻകിരീടം ഉള്ളവരുമാണ്. അവർ വെള്ളവസ്ത്രം ധരിച്ചും "കിന്നരവും ധൂപവർഗം നിറഞ്ഞ പൊൻകലശങ്ങൾ" (5:8) ഉള്ളവരും ആകുന്നു എന്നതു സൂചിപ്പിക്കുന്നത് അവർ ഇപ്പോൾ ദൈവമുമ്പാകെ പുരോഹിതന്മാരും ആകുന്നു എന്നാണ്; എന്നാൽ, സഹസ്രാബ്ദരാജ്യത്തിൽ വാഴുന്നവരായ ജയാളികളായിരിക്കും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാർ (20:6). ഈ ഇരുപത്തിനാലു മൂപ്പന്മാരും സാർവത്രിക പുരോഹിതന്മാരായിരിക്കണം. അവരുടെ പൊൻകിരീടം സൂചിപ്പിക്കുന്നത് അവർ ഭരിക്കുന്നവരും ആകുന്നു എന്നാണ്. അവർ ദൈവത്തെ സേവിക്കുന്ന പുരോഹിതന്മാരും അവന്റെ സൃഷ്ടിയുടെമേൽ വാഴുന്ന രാജാക്കന്മാരും ആണ്. മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പ്, ദൈവത്തിന് അവന്റെ പുരോഹിതന്മാരായും ഭരിക്കുന്ന ഉപകരണങ്ങളായും നയിക്കുന്ന ദൂതന്മാരുണ്ടായിരുന്നു. യെഹെസ്കേൽ 28 അനുസരിച്ച്, സാത്താൻ വീഴുന്നതിനുമുമ്പ്, അവൻ ഇങ്ങനെയുള്ള ഒരുവനായിരുന്നു. അവൻ ദൈവത്തിന്റെ പുരോഹിതനും ഒരു രാജാവും ആയിരുന്നു. സാത്താൻ എന്ന പിശാച് കർത്താവായ യേശുവിനെ പരീക്ഷിച്ചപ്പോൾപോലും "ആൾപ്പാർപ്പുള്ള ഭൂമിയിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ" കാണിച്ചുകൊണ്ട്,

"ഈ സകല അധികാരത്തെയും അവയുടെ മഹത്വത്തെയും ഞാൻ നിനക്കു നൽകാം, എന്തുകൊണ്ടെന്നാൽ അത് എനിക്കു നൽകപ്പെട്ടിരിക്കുന്നു, ഞാൻ ഇച്ഛിക്കുന്ന ഏവനും അത് ഞാൻ നൽകുന്നു" (ലൂക്കൊ. 4:5-6) എന്നു പറഞ്ഞു. ആദാമിന്റെ കാലത്തിനു മുമ്പുതന്നെ ലോകം അവനു നല്ലപ്പെട്ടിരുന്നു. അങ്ങനെ, ആ പ്രപഞ്ചത്തിന്മേൽ വാഴുവാൻ ദൈവം സാത്താനെ രാജാവാക്കിക്കൊണ്ട് അവന് അധികാരം നല്കിയിരുന്ന ഒരു യുഗം ഉണ്ടായിരുന്നു. അതുപോലെ, ഈ ഇരുപത്തിനാലു മൂപ്പന്മാരും ദൈവത്തിന്റെ പുരോഹിതന്മാരും രാജാക്കന്മാരും ആയിരുന്നു.

ഇരുപത്തിനാല് എന്ന ദൂതന്മാരായ മൂപ്പന്മാരുടെ എണ്ണം രണ്ടു മടങ്ങു പന്ത്രണ്ടാണ്. പന്ത്രണ്ട് ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ പൂർത്തീകരണത്തിന്റെ സംഖ്യയാണ് (മത്താ. 19:28). ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ സേവനം നിർവഹിക്കുന്നതിന് പുരോഹിതന്മാരെയും ലേവ്യരെയും ദാവീദ് ഇരുപത്തിനാലു കൂട്ടമായി വിഭാഗിച്ചു (1 ദിന. 24-25). ഇരുപത്തിനാല് എന്ന സംഖ്യ സൂചിപ്പിക്കുന്നത് ദൂതന്മാരായ മൂപ്പന്മാരെ പകരം വയ്ക്കേണ്ടതിന് സഭ സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് ദൂതന്മാരായ മൂപ്പന്മാരായിരുന്നു ദൈവത്തിന്റെ ഭരണനിർവഹണം നടത്തിക്കൊണ്ടിരുന്നത് എന്നാണ്. ദൂതന്മാരായ മൂപ്പന്മാരാൽ നടപ്പാക്കപ്പെടുന്ന ഭരണനിർവഹണം ബലമുള്ളതാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, പന്ത്രണ്ടു മടങ്ങ് രണ്ട്, ഇരട്ടിപ്പിക്കലിലൂടെയുള്ള ബലപ്പെടുത്തലിനെ സൂചിപ്പിക്കുന്നു.

Mon

## IV. സിംഹാസനത്തിന്റെ നടുവിലും ചുറ്റിലുമായി നാലു ജീവികൾ

വേദപുസ്തകത്തിൽ, ജീവികളുടെ സംഖ്യയായ നാല് എപ്പോഴും മുഴുവൻ പ്രപഞ്ചത്തെ, അഥവാ മുഴുവൻ ഭൂമിയെ ഉൾക്കൊള്ളുന്ന നാല് അറ്റങ്ങളെ കുറിക്കുന്നു. ഉല്പത്തി 2:10-ൽ ഒരു നദി മുഴുവൻ ഭൂമിയിലേക്കും എത്തുന്ന നാലു ശാഖകളായിത്തീർന്നു. യിരെമ്യാവ് 49:36-ൽ ആകാശത്തിന്റെ നാലു ദിക്കുകളും യെശയ്യാവ് 11:12-ലും, വെളിപ്പാട് 7:1-ലും, 20:8-ലും ഭൂമിയുടെ നാലു കോണുകളും ഉണ്ട്. ഇക്കാരണത്താൽ, ജീവികളുടെ സംഖ്യ ഇരുപത്തിനാലു മൂപ്പന്മാരാൽ പ്രതിനിധീകരിക്കപ്പെടുന്ന ദൂതന്മാരൊഴികെ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല ജീവികളെയും പ്രതിനിധാനം ചെയ്യുന്നു എന്ന് വെളിപ്പെടുത്തുന്നു.

### A. മുന്നിലും പിന്നിലും ഉള്ളിലും കണ്ണു നിറഞ്ഞിരിക്കുന്നു

"നാലു ജീവികൾ സിംഹാസനത്തിനു മധ്യേയും സിംഹാസനത്തിനു ചുറ്റിലും ഉണ്ടായിരുന്നു" എന്നും അവയ്ക്ക് "മുന്നിലും പിന്നിലും കണ്ണുകൾ നിറഞ്ഞിരിക്കുന്നു" എന്നും വാക്യം

6 പറയുന്നു. എട്ടാം വാക്യം അനുസരിച്ച്, അവർ "ചുറ്റിലും ഉള്ളിലും കണ്ണുകളാൽ നിറഞ്ഞവരാകുന്നു." നാലു ജീവികളുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അവയുടെ കണ്ണുകളാണ്. അവ മുമ്പിലും പിമ്പിലും ഉള്ളിലും കണ്ണുകൾകൊണ്ട് നിറഞ്ഞിരിക്കുന്നു: തിരിയാതെ തന്നെ ഏതു ദിശയിലും അവയ്ക്ക് കാണുവാൻ കഴിയും. കണ്ണുകൾ ജീവനുള്ള കാര്യങ്ങൾക്ക് വെളിച്ചവും കാഴ്ചയും സ്വീകരിക്കുന്നതിനാണ്. നാലു ജീവികൾ കണ്ണുകളാൽ നിറഞ്ഞിരിക്കുന്നു എന്നത് അവ തികച്ചും അതാര്യമല്ല, പിന്നെയോ ഓരോ വശത്തും ഓരോ ഭാവത്തിലും പളുങ്കു പോലെ വ്യക്തതയുള്ളവരാണെന്ന് സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികൾ അതുപോലെ കണ്ണുകളാൽ നിറഞ്ഞവരായിരിക്കണം. നാം കണ്ണുകൾ നിറഞ്ഞവരായിരിക്കുമ്പോൾ, നാം സുതാര്യരാണ്. ഒരു വ്യക്തിക്ക് കണ്ണുകളില്ലെങ്കിൽ, അവൻ പൂർണ്ണമായും അതാര്യനാണ്. നമ്മുടെ കണ്ണുകൾ നമ്മെ സുതാര്യരാക്കുന്നു. നമ്മുടെ ശരീരം ആകമാനം നൂറുകണക്കിന് കണ്ണുകൾ അകത്തും പുറത്തുമായി നമുക്കുണ്ടെങ്കിൽ, നമ്മുടെ മുഴുവൻ ആളത്തവും സുതാര്യമായിരിക്കും. ദൈവത്തിന്റെ സാന്നിധ്യത്തിൽ, വീണ്ടെടുക്കപ്പെട്ട ജനമായ നാം ഇതുപോലെയായിരിക്കണം.

## B. ഓരോന്നിനും ആറാറു ചിറകുകൾ

"ഓരോന്നിനും ആറാറു ചിറകുകൾ ഉള്ള നാലു ജീവികൾ" എന്ന് വാക്യം 8 പറയുന്നു. കാഴ്ചയിൽ നാലു ജീവികൾ യെഹെസ്കേൽ 1:5-10-ലും 10:14-15-ലും കാണുന്ന കെരൂബുകൾക്കു സദൃശമാണ്. അവയുടെ ആറു ചിറകുകളനുസരിച്ച്, അവ യെശയ്യാവ് 6:2-ലുള്ള സാറാഫുകളെപ്പോലെയാണ്. (പുറപ്പാട് 25:20-ലും 1 രാജാ. 6:27-ലുമുള്ള കെരൂബുകൾക്ക് രണ്ടു ചിറകുകളും, യെഹെസ്കേൽ 1:6-ലെ കെരൂബിന് നാലു ചിറകുകളും ഉണ്ട്.) അവ കെരൂബുകളുടെയും സാറാഫുകളുടെയും സംയുക്തരൂപമായിരിക്കണം. സാറാഫുകളെന്ന നിലയിൽ, അവ ദൈവത്തിന്റെ പ്രകൃതത്തെ പരാമർശിക്കുന്ന ദൈവത്തിന്റെ വിശുദ്ധിക്കുവേണ്ടിയും (യെശ. 6:3), കെരൂബുകളെന്ന നിലയിൽ, അവ ദൈവത്തിന്റെ ആവിഷ്കാരത്തെ പരാമർശിക്കുന്ന ദൈവത്തിന്റെ തേജസ്സിനുവേണ്ടിയും ആണ് (യെഹെ. 10:18-19; എബ്രാ. 9:5). ഇക്കാരണത്താൽ, അവ ദൈവത്തിന്റെ പ്രകൃതത്തിനും ആവിഷ്കാരത്തിനുംവേണ്ടി നിലകൊള്ളുന്നു.

## C. സിംഹത്തിന്റെയും, കാളക്കുട്ടിയുടെയും, മനുഷ്യന്റെയും, പറക്കുന്ന കഴുകിന്റെയും കാഴ്ചയിൽ

വാക്യം 7 പറയുന്നു, "ഒന്നാമത്തെ ജീവി സിംഹത്തെ പോലെയും, രണ്ടാമത്തെ ജീവി കാളക്കുട്ടിയെ പോലെയും, മൂന്നാമത്തെ

ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതും, നാലാമത്തെ ജീവി പറക്കുന്ന കഴുകനെ പോലെയും ആയിരുന്നു." ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റിലും ഇരുപത്തിനാലു മൂപ്പന്മാർ സകല ദൂതന്മാരെയും പ്രതിനിധാനംചെയ്യുകയും, നാലു ജീവികൾ മറ്റുള്ള സകല ജീവജാലങ്ങളെ പ്രതിനിധാനം ചെയ്യുകയും ചെയ്യുന്നു. സിംഹത്തിന്റെ സാദൃശ്യമുള്ള ഒന്നാമത്തെ ജീവി വന്യമൃഗങ്ങളെ പ്രതിനിധാനംചെയ്യുന്നു; കാളക്കുട്ടിയുടെ സാദൃശ്യമുള്ള രണ്ടാമത്തെ ജീവി കന്നുകാലികളെ പ്രതിനിധാനംചെയ്യുന്നു; മനുഷ്യന്റെ സാദൃശ്യമുള്ള മൂന്നാമത്തെ ജീവി മനുഷ്യകുലത്തെ പ്രതിനിധാനംചെയ്യുന്നു; കഴുകിന്റെ സാദൃശ്യമുള്ള നാലാമത്തെ ജീവി പക്ഷികളെ പ്രതിനിധാനംചെയ്യുന്നു. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആറു വിഭാഗങ്ങളിലെ ജീവജാലങ്ങളിൽ (ഉല്പ. 1:20-28) രണ്ടെണ്ണത്തെ ഇവിടെ പ്രതിനിധാനംചെയ്യുന്നില്ല—ഭൂമിയിൽ ഇഴയുന്നവയും വെള്ളത്തിൽ ജീവിക്കുന്നവയും. ഇഴയുന്നവയുടെ തലവൻ ദൈവത്തിന്റെ ശത്രുവായ സാത്താന്റെ ഒരു അടയാളമായ സർപ്പമാണ്; അവൻ തീപ്പൊയ്കയിൽ തള്ളപ്പെട്ടവനാകയാൽ, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ഇടമില്ലാതിരിക്കുന്നു. വെള്ളത്തിൽ ജീവിക്കുന്നവ ദൈവത്തിന്റെ ന്യായവിധിയുടെ വെള്ളത്തിലാണ്; അവ ഒരിക്കലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ഉണ്ടായിരിക്കുകയില്ല (21:1). ഇക്കാരണത്താൽ, ഈ രണ്ടു വിഭാഗങ്ങൾ നിത്യതയോളം ദൈവമുമ്പാകെ പ്രതിനിധീകരിക്കപ്പെടുന്നില്ല.

നാലു ജീവികളുടെ ഇടയിൽ കാളക്കുട്ടി വെടിപ്പുള്ളതാണ്, എന്നാൽ സിംഹവും കഴുകനും വെടിപ്പില്ലാത്തതാണ് (ലേവ്യ. 11:3-8, 13-19). വീണ്ടെടുക്കപ്പെട്ടതിനാൽ അവയെല്ലാം വെടിപ്പുള്ളണ് (പ്രവൃ. 10:11-16). അവയുടെ ഇടയിൽ, കാളക്കുട്ടിയും മനുഷ്യനും സൗമ്യവും ശാന്തവും ആണ്, എന്നാൽ സിംഹവും കഴുകനും വന്യവും ഉഗ്രവും ആണ്. വീണ്ടെടുപ്പിലൂടെ, അവർക്ക് ഒരുമിച്ചു വസിക്കുവാൻ കഴിയും (യെശ. 11:6-9). ക്രിസ്തു "സകലത്തിനും" പകരം മരിച്ചതുകൊണ്ട് (എബ്രാ. 2:9), അവന്റെ വീണ്ടെടുപ്പ് മനുഷ്യനുവേണ്ടി മാത്രമല്ല, "സകലത്തിനും" വേണ്ടിയാണ് (കൊലൊ. 1:20).

## V. ദൈവാരാധന

4:8-11-ൽ നാം ദൈവാരാധന കാണുന്നു. ഇവിടെ ഇപ്പോഴും നമുക്ക് കുഞ്ഞാടിന്റെ ആരാധന ഇല്ല, കാരണം അടുത്ത അധ്യായംവരെ കുഞ്ഞാട് പ്രത്യക്ഷനാകുന്നില്ല. ഈ അധ്യായം ക്രിസ്തു ആരോഹണം ചെയ്ത ദൃശ്യത്തെ മാത്രമാണ് അവതരിപ്പിക്കുന്നത്. ഇവിടെ ദൈവാരാധന സകല സൃഷ്ടികളെയും പ്രതിനിധാനംചെയ്യുന്ന നാലു ജീവികളാലും (വാ. 8-9), സകല ദൂതന്മാരെയും പ്രതിനിധാനംചെയ്യുന്ന ഇരുപത്തിനാലു മൂപ്പന്മാരാലും ആണ്

(വാ. 10-11). ഈ ദൃശ്യത്തിൽ സകല സൃഷ്ടികളും ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്നു. വാക്യം 8-ൽ ജീവികൾ പറയുന്നു, "ഉണ്ടായിരുന്നവനും ഉള്ളവനും വരുന്നവനുമായ, സർവശക്തനായ കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ." യെശയ്യാവ് 6:3-ലെന്നപോലെ "പരിശുദ്ധൻ" എന്നു മൂന്നു പ്രാവശ്യം പറയുന്നത് ദൈവം ത്രിയേകനാണെന്ന ചിന്തയെ വിവക്ഷിക്കുന്നു. കൂടാതെ, ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് മൂന്ന് കാലങ്ങളിൽ പരാമർശിക്കുന്നതും, അവൻ ത്രിയേകനാണെന്ന ചിന്തയെ വിവക്ഷിക്കുന്നു. നാലു ജീവികളുടെയും (വാ. 9), ഇരുപത്തിനാലു മൂപ്പന്മാരുടെയും സ്തുതികൾ (വാ. 11) അവർ ത്രിയേകദൈവത്തെ സ്തുതിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് മൂന്നു കാര്യങ്ങൾ ചേരുന്നതാണ്. "മഹത്വവും ബഹുമാനവും" എന്ന ആദ്യത്തെ രണ്ടു കാര്യങ്ങൾ രണ്ടു സ്ഥലത്തും ഒരുപോലെയാണെങ്കിലും, അവസാനത്തേത് വ്യത്യസ്തമാണ്. വീണ്ടെടുക്കപ്പെട്ടവരും ദൈവത്തിന്റെ കൃപയുടെ വീണ്ടെടുപ്പിനുവേണ്ടി നന്ദിയുള്ളവരും ആയതുകൊണ്ട്, നാലു ജീവികളുടെ സ്തുതികളിൽ അവസാനത്തേത് "സ്തോത്രം" ആണ്, എന്നാൽ, വീണ്ടെടുക്കപ്പെട്ട സൃഷ്ടിയല്ല, പ്രപഞ്ചത്തിന്റെ ഭരണാധികാരികളെന്ന നിലയിൽ അവരെ ഭരിക്കുവാൻ കഴിയുമാറാക്കുന്ന ദൈവത്തിന്റെ ശക്തിയെ വിലമതിക്കുന്നതുകൊണ്ട്, ഇരുപത്തിനാലു മൂപ്പന്മാരുടെ സ്തുതികളിൽ അവസാനത്തേത് "ശക്തി" ആണ്.

വാക്യം 11-ൽ ഇരുപത്തിനാലു മൂപ്പന്മാർ പറയുന്നു, "ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു." തന്റെ സ്വന്തം പ്രസാദത്തിന്റെ ഹിതം ഉള്ളവനായ ദൈവം നിർണ്ണയത്തിന്റെ ദൈവമാണ്. അവൻ തന്റെ നിർണ്ണയം നിവർത്തിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതിന് അവന്റെ ഹിതത്തിനുവേണ്ടി സകല കാര്യങ്ങളെയും സൃഷ്ടിച്ചു. ദൈവത്തിന്റെ സാർവത്രിക ഭരണനിർവഹണത്തെ അനാവരണംചെയ്യുന്ന ഈ പുസ്തകം ദൈവത്തിന്റെ ഉദ്ദേശ്യത്തെ നമുക്കു കാണിച്ചുതരുന്നു. തന്മൂലം, അവന്റെ സൃഷ്ടിയെ സംബന്ധിച്ചുള്ള ഇരുപത്തിനാലു മൂപ്പന്മാരുടെ സ്തുതിയിൽ അവന്റെ സൃഷ്ടിപ്പ് അവന്റെ ഹിതത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

പ്രപഞ്ചത്തിൽ ദൈവത്തിന്റെ ഭരണം നിർവഹിക്കുന്നവരെന്ന നിലയിൽ ഇരുപത്തിനാലു ദൂതന്മാരായ മൂപ്പന്മാർ അവരുടെ സ്തുതികളിൽ ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ഹിതത്തെ വെളിപ്പെടുത്തി സംസാരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിനെ ജനത്തിന് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും, എന്നാൽ ദൈവത്തിന്റെ

സൃഷ്ടിയുടെ ഹിതത്തെ, അഥവാ ഉദ്ദേശ്യത്തെ സംബന്ധിച്ച് അല്പം മാത്രമേ അവർ അറിയുന്നുള്ളൂ. ദൂതന്മാരായ മൂപ്പന്മാരുടെ സ്തുതി ഈ പുസ്തകത്തിന്റെ ഉള്ളടക്കങ്ങളുടെ ഒരു ആമുഖം ആണ്; അത് ദൈവത്തിന്റെ സംതൃപ്തിക്കും ആവിഷ്കാരത്തിനും വേണ്ടി ഒരു നിത്യനിവാസം ഉണ്ടായിരിക്കുക എന്ന ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ഹിതത്തെ, ഉദ്ദേശ്യത്തെ വെളിപ്പെടുത്തുന്നു. ഇതാണ് പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം. പുതിയ യെരൂശലേമിൽ, സൃഷ്ടിപ്പിലുള്ള ദൈവഹിതം പൂർണ്ണമായി വെളിപ്പെടുകയും നിവർത്തിക്കപ്പെടുകയും ചെയ്യും. പുതിയ യെരൂശലേമിലും പുതിയ യെരൂശലേമിലൂടെയും ദൈവം പൂർണ്ണമായി തൃപ്തിപ്പെടുകയും മുഴുവനായി ആവിഷ്കരിക്കപ്പെടുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ സൃഷ്ടിപ്പിലുള്ള അവന്റെ ഹിതവും, ഇതാണ് വെളിപ്പാട് പുസ്തകത്തിന്റെ ലക്ഷ്യവും. ദൂതന്മാരായ മൂപ്പന്മാരുടെ സ്തുതി ഇതിലേക്ക് വിരൽചൂണ്ടുകയും, വെളിപ്പാട് പുസ്തകം ഇതിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയും, ഒടുവിൽ ദൈവത്തിന്റെ സൃഷ്ടിപ്പിലുള്ള അവന്റെ ഹിതത്തിന്റെ ആത്യന്തിക പരിണിതിയായ ഇതിലേക്ക് നമ്മെ കൊണ്ടുവരികയും ചെയ്യുന്നു.